**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **10-02-2025 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റ് പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ .ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് കണക്ഷൻ നൽ കേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി.എൽ-ന്റെ ശ്രദ്ധ യിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ച് നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022 ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.<br><br>മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ 2018-2022 കാലയളവിലേക്കായി കെ.എസ്. ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയിരുത്തി യിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയി രുത്തിയിരുന്നു. 2022 -23 സാമ്പത്തിക വർഷം മുതൽ 2026 -27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും |

| | | | |
|---|---|---|---|
| | | | ഉറപ്പ വരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്. ഇ.ബി.എൽ, വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീ കരണം നടന്നു വരുന്നു. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 20.5 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.<br><br>സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെ യുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ .ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽ കേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി.എൽ-ന്റെ ശ്രദ്ധ യിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022 ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.<br><br>മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ 2018-2022 കാലയളവിലേക്കായി കെ.എസ്. ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയിരുത്തി യിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയി രുത്തിയിരുന്നു. 2022 -23 സാമ്പത്തിക വർഷം മുതൽ 2026 -27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പ് വരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്. ഇ.ബി.എൽ, വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീ കരണം നടന്നു വരുന്നു. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 20.5 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.<br><br>സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെ യുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (സി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും |

സൗജന്യമായി കെ.എസ്.ഇ .ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ച പോസ്റ്റുകൾ സ്ഥാപിച്ച കണക്ഷൻ നൽ കേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി.എൽ-ന്റെ ശ്രദ്ധ യിൽപ്പെട്ടതിനെത്തുടർന്ന് ലൈൻ വലിച്ച നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022 ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഡിസംബർ 2024 വരെ 79.45 കോടി രൂപ ചെലവഴിച്ച് 68732 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ 2018-2022 കാലയളവിലേക്കായി കെ.എസ്. ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയിരുത്തി യിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ ഫണ്ടിൽ വകയി രുത്തിയിരുന്നു. 2022 -23 സാമ്പത്തിക വർഷം മുതൽ 2026 -27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പു വരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്. ഇ.ബി.എൽ, വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീ കരണം നടന്നു വരുന്നു. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 20.5 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ

| | | | |
|---|---|---|---|
| | | | 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെ യുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ